ഐ. എ. എസ്. ഉദ്യോഗസ്ഥനെ മർദ്ദിച്ചതായി പരാതി

1240 [1982] ശ്രീ. ടി. എച്ച്. മുസ്തഫ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികാസ്ഭവനിൽവച്ച് ഈയിടെ സംസ്ഥാനത്തിലെ ഒരു സീനിയർ ഐ. എ. എസ്. ഉദ്യോഗസ്ഥനെ ചില ജീവനക്കാർ ചേർന്ന് മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) മർദ്ദനമേറ്റ പ്രസ്തുത ഓഫീസർ ആരാണ്;

മർദ്ദിച്ച ജീവനക്കാരുടെ പേരിൽ വല്ല നടപടിയും സ്വീകരിച്ചോ: എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) മർദ്ദനം നടത്തിയതായി ആരോപിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ പേരിൽ ശിക്ഷണ നടപടികളും സ്വീകരിക്കരുതെന്നു ഏതെങ്കിലും സംഘടന നിവേദനം നടത്തിയിട്ടുണ്ടോ ; ആ സംഘടനകൾ ഏതൊക്കെയാണ്;

(ഡി) ഇത്തരം ഗുണ്ടായിസത്തിൽ നിന്നും സംസ്ഥാന ജീവനക്കാരെ സംരക്ഷിക്കാൻ സർക്കാർ വേണ്ട നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭരണ പരിഷ്ക്കാരവകുപ്പിൽ സ്പെഷ്യൽ സെക്രട്ടറി ശ്രീ. കെ. രാമുണ്ണിമേനോൻ.

ഇതുസംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്ത് കൂടുതൽ അന്വേഷണം നടത്തിവരുന്നു. അഞ്ചു ജീവനക്കാരെ അറസ്റ്റു ചെയ്യുകയും പിന്നീട് ജാമ്യത്തിൽ വിടുകയും ചെയ്തിട്ടുണ്ട്. ഇവരിൽ നാലു ജീവനക്കാരെ സർവ്വീസിൽനിന്നും സസ്പെൻറു ചെയ്തിരിക്കുകയാണ്.

(സി) നടപടികൾ പിൻവലിക്കണമെന്നു കാണിച്ച് കേരളാ സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷനിൽ നിന്നു ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ഡി) നിയമാനുസൃതം ആവശ്യമെന്നു തോന്നുന്ന ഏതു നടപടിയും യഥാവസരം കൈക്കൊള്ളുന്നതാണ്.

സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഭവന നിർമ്മാണത്തിനു സഹകരണ സംഘം

1241 [1985] ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റു ജീവനക്കാർക്ക് ഭവന നിർമ്മാണപദ്ധതി നടപ്പിലാക്കുന്നതിലേക്കായി ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിന് വേണ്ടി ഗവൺമെൻറ് എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത്; ഉത്തരവിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ട്;

(ഡി) നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 16-10-1978-ന് കൂടിയ സ്റ്റാഫ് കൗൺസിൽ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ മാത്രമായി ഒരു ഭവനനിർമ്മാണ സഹകരണ സംഘം വേണമെന്ന് തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ, പൊതുഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. എം. എസ്. കെ. രാമസ്വാമി ചീഫ് പ്രൊമോട്ടറായി, സെക്രട്ടേറിയറ്റ് ജീവനക്കാർക്കായുള്ള ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണമെന്ന് തീരുമാനിച്ചു. ഈ സഹകരണ സംഘം രൂപീകരിക്കുന്നതിനോടനുബന്ധിച്ചുള്ള ആദ്യത്തെ 25 അംഗങ്ങളും സ്റ്റാഫ് കൗൺസിൽ അംഗങ്ങളും നിർദ്ദേശിക്കുന്നവരോ സ്റ്റാഫ് കൗൺസിൽ അംഗങ്ങളും തന്നെയോ ആയിരിക്കുമെന്നും പോരാതെവരുന്ന അംഗങ്ങളെ സെക്രട്ടേറിയറ്റ് വെൽഫയർ ആഫീസർ നിർദ്ദേശിക്കുമെന്നുമാണ് തീരുമാനം. ഈ ഉത്തരവ് 15-12-1978 ന് ഗവൺമെന്റ് പുറപ്പെടുവിച്ചു.

(സി, ഡി) ഈ സഹകരണ സംഘം രൂപീകരിക്കുന്നതിനു വേണ്ട പ്രാരംഭ നടപടി എന്ന നിലയിൽ ഒരു കരട് നിയമാവലി ഉണ്ടാക്കുകയും 18-1-1979 നു കൂടിയ സ്റ്റാഫ് കൗൺസിലിൽ വക്കുകയും മേൽ പ്രസ്താവിച്ച ഗവൺമെന്റ് ഉത്തരവുപ്രകാരം സഹകരണ സംഘം രജിസ്റ്റർ ചെയ്യേണ്ടതാണെന്നു തീരുമാനിക്കുകയും ചെയ്തു. സെക്രട്ടേറിയറ്റിലെ അംഗികൃത സർവ്വീസ് സംഘടനകളുമായി ഇത് സംബന്ധിച്ച് ആലോചിച്ചിട്ടില്ലെന്നും സൊസൈറ്റി രജിസ്റ്റർ ചെയ്യുവാനുള്ള ആദ്യത്തെ അംഗങ്ങളുടെ പേരുകളും ഉൾപ്പെടുത്തുന്നത് സർവ്വീസ് സംഘടനകളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടായിരിക്കണമെന്നുമുള്ള കാരണങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ഗവൺമെന്റ് മുമ്പാകെ സെക്രട്ടേറിയറ്റിലെ ചില സർവ്വീസ് സംഘടനകളും നിവേദനം നടത്തിയിരിക്കുകയാണ്. അവർ ഉന്നയിച്ച എല്ലാ പ്രശ്നങ്ങളും ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

സ്പെഷ്യൽ റിക്രൂട്ടുമെന്റുവഴി നിയമിച്ചവരെ പിരിച്ചുവിട്ടതായി പരാതി

1242 [1986] ശ്രീ. ചടയൻ ഗോവിന്ദൻ:
,, കെ. അനിരുദ്ധൻ:
,, എം. കെ. കൃഷ്ണൻ:
,, പി. കരുണാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ടുമെന്റുവഴി അഡ്വക്കേറ്റ് ജനറൽ ആഫീസിൽ നിയമനം ലഭിച്ച ആരെയെങ്കിലും പിരിച്ചു വിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരെയെന്നും എന്തു കാരണത്താലെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly